ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1113

# സൂറ – 38 / സ്വാദ്

**സൂക്തം: 01– 03**

പ്രവാചകന്മാരോടും അവരുടെ സന്ദേശത്തോടും വിഘടിക്കുകയും ധിക്കാരവും ധാർഷ്ട്യവും അനുവർത്തിക്കുകയും ചെയ്ത എത്രയോ സമുദായങ്ങൾ മുമ്പ് കഴിഞ്ഞുപോയിട്ടുണ്ട്. സത്യം ഗ്രഹിക്കാൻ വേണ്ടുവോളം സമയവും സൗകര്യവും ലഭിച്ചിട്ടും അത് പ്രയോജനപ്പെടുത്താതെ മിഥ്യാഭിമാനത്തിലും ധാർഷ്ട്യത്തിലും മുന്നേറിയ അവരെ അല്ലാഹു നശിപ്പിച്ചുകളയുകയായിരുന്നു. വിനാശവേളയിൽ അവരെല്ലാം അല്ലാഹുവിനെ വിളിച്ച് രക്ഷക്കുവേണ്ടി കേണുകൊണ്ടിരുന്നു. അപ്പോൾ രക്ഷപ്പെടാനുള്ള എല്ലാ അവസരവും നഷ്ടപ്പെട്ടു കഴിഞ്ഞിരുന്നു.

## ആമുഖം

തുടക്കത്തിലുള്ള ص എന്ന ഒറ്റ അക്ഷരമാണ് ഈ സൂറയുടെ ഔദ്യോഗിക നാമം. സൂറഃ 'ദാവൂദ്' എന്നും ഇതിനു പേരുണ്ടെന്ന് ചില പണ്ഡിതന്മാർ പറയുന്നുണ്ടെങ്കിലും അതിനു പ്രാമാണികതയില്ല.

മുസ്ഹഫിൽ 38-ാമതായി ചേർക്കപ്പെട്ട ഈ സൂറ അവതരണക്രമപ്രകാരം 37-ാമത്തേതാണ്. മക്കയിലാണ് ഇതവതരിച്ചതെന്ന് പൊതുവിൽ സമ്മതിക്കപ്പെട്ടിരിക്കുന്നു. സൂറഃ *സ്വാദ്* മദനിയാണെന്ന് ഒരഭിപ്രായമുള്ളതായി ജഅ്ബരി പറയുന്നു. അദ്ദേഹം അതിനു തെളിവൊന്നും ചൂണ്ടിക്കാണിച്ചിട്ടില്ല.

മറ്റു മക്കീസൂറകളുടേതുപോലെ ഈ സൂറയുടെയും മുഖ്യപ്രമേയം ദൈവത്തിന്റെ ഏകത്വമാണ്. വിശുദ്ധ ഖുർആൻ വിശിഷ്ടമായ ജീവിതപാഠങ്ങളുൾക്കൊള്ളുന്ന ദൈവിക വചനങ്ങളാണെന്ന് ഉണർത്തിക്കൊണ്ടാണ് സൂറഃ ആരംഭിക്കുന്നത്. വാസ്തവത്തിൽ മർത്യവർഗത്തിന് അല്ലാഹുവിങ്കൽനിന്ന് ലഭിച്ച ഒരനുഗ്രഹമാണത്. പക്ഷേ ബഹുദൈവ സങ്കൽപത്തിലും വിഗ്രഹാരാധനയിലും അഭിരമിക്കുന്നവർ അതിനെ ധാർഷ്ട്യത്തോടും ധിക്കാരത്തോടും കൂടി തള്ളിക്കളയുകയാണ്. തങ്ങളുടെകൂട്ടത്തിൽപെട്ട ഒരാൾ ദൈവദൂതനായി നിയുക്തനാകുന്നത് അവർക്ക് വലിയ അത്ഭുതമായി തോന്നുന്നു. ഇനി മനുഷ്യൻ ദൈവദൂതനാകാം എന്നു വെച്ചാൽ തന്നെ ഈ മുഹമ്മദ് (സ) അതിനൊരിക്കലും യോഗ്യനല്ലെന്നാണവരുടെ നിലപാട്. ഇയാൾ തങ്ങൾ പൂജിക്കുന്ന ബഹുദൈവങ്ങളെയെല്ലാം ഒരൊറ്റ ദൈവത്തിലേക്ക് വെട്ടിച്ചുരുക്കുന്നത് അതിവിചിത്രമായ കാര്യമാണ്. ബഹുദൈവ വിശ്വാസികളുടെ ഇത്തരം വാദങ്ങൾക്കെല്ലാം ആധാരം വിഗ്രഹാരാധനാ പാരമ്പര്യത്തോടുള്ള ഭ്രമവും അതിനു നിരക്കാത്ത യാഥാർഥ്യങ്ങൾക്കു നേരെയുള്ള ധാർഷ്ട്യവുമാണെന്ന് സൂചിപ്പിച്ചുകൊണ്ട് ഇതേ നിലപാട് സ്വീകരിച്ച പൂർവ സമുദായങ്ങൾ നേരിടേണ്ടിവന്ന ദുരന്തപര്യവസാനത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

സമ്പദ്സമൃദ്ധിയും ഭൗതിക സൗഭാഗ്യങ്ങളും വാസ്തവത്തിൽ മനുഷ്യനെ സ്രഷ്ടാവിനോട് കൂടുതൽ ഭയഭക്തിയും വിധേയത്വവുമുള്ളവരാക്കേണ്ടതാണ്. അതുമൂലം ധർമനിഷേധത്തിനും ദൈവധിക്കാരത്തിനും പ്രേരിതരാകുന്നവർ അതിന്റെ തിക്തഫലം അനുഭവിക്കുക തന്നെ ചെയ്യും. ഭൗതിക സൗഭാഗ്യങ്ങൾ പാരത്രിക സൗഭാഗ്യങ്ങൾ നേടുന്നതിനുള്ള കരുക്കളായി ഉപയോഗിക്കുന്ന ദൈവഭക്തന്മാരും മനുഷ്യരിലുണ്ട്. ഉദാഹരണമായി ദാവൂദ്-സുലൈമാന്മാരുടെ ചരിത്രം അനുസ്മരിക്കുന്നു. അവരുടെ കർമരീതിയാണ് പ്രവാചകനും സത്യവിശ്വാസികളും പിന്തുടരേണ്ടത്. അവർ ഈ ലോകത്തും പരലോകത്തും ദുഃഖിക്കുകയോ ഖേദിക്കുകയോ ചെയ്യേണ്ടിവരില്ല.

അല്ലാഹു ഭൗതികലോകം ഒരു കുട്ടിക്കളിയായി സൃഷ്ടിച്ചുവെച്ചതല്ല എന്നതാണ് ഈ സൂറഃ ഉണർത്തുന്ന മറ്റൊരു വിഷയം. പ്രപഞ്ചം ഒരു കളിക്കോപ്പല്ല. പ്രപഞ്ചത്തെ ആ രീതിയിൽ കാണുന്നവർ മരണാനന്തരജീവിതം നിഷേധിക്കുന്നു. പരലോകം എന്നൊന്നില്ലെങ്കിൽ അതിനർഥം

പ്രപഞ്ചസ്രഷ്ടാവിന്റെ ദൃഷ്ടിയിൽ ശിഷ്ടനും ദുഷ്ടനും നീതിമാനും അക്രമിയും സംസ്കർത്താവും നാശകാരിയും എല്ലാം തുല്യരാണ് എന്നാകുന്നു. യുക്തിജ്ഞനും നീതിമാനുമായ ഒരു സ്രഷ്ടാവിനെ സംബന്ധിച്ചേടത്തോളം അചിന്ത്യമാണിത്. മനുഷ്യൻ പ്രപഞ്ചത്തിലെ ദൃഷ്ടാന്തങ്ങളെക്കുറിച്ച് ഗഹനമായി ചിന്തിച്ച് അതു നൽകുന്ന തെളിവുകൾ ഗ്രഹിച്ച് ഇത്തരം മൂഢവും വിനാശകരവുമായ അന്ധവിശ്വാസങ്ങളിൽ നിന്ന് മുക്തരാകുന്നതിനു വേണ്ടിയാണ് അല്ലാഹു ഈ വേദം അവതരിപ്പിച്ചിരിക്കുന്നത്. ദുഷ്ടശക്തികൾ അത് തള്ളിക്കളയുന്നതിൽ പ്രവാചകൻ പരിഭ്രമിക്കുകയോ ദുഃഖിക്കുകയോ ചെയ്യേണ്ടതില്ല. മനുഷ്യചരിത്രം ആരംഭിച്ചതുമുതലേ അനേകം പ്രവാചകവര്യന്മാർ ഇതുപോലെ നിഷേധിക്കപ്പെടുകയും ദ്രോഹിക്കപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ആളുകൾ നിഷേധിക്കുന്നുവെന്നത് പ്രവാചകന്റെ കുറ്റമല്ല, ആളുകളുടെ കുറ്റമാണ്. സ്വന്തം ദൗത്യം യഥാവിധി നിർവഹിച്ചിട്ടുണ്ടെങ്കിൽ പ്രവാചകൻ വിജയിച്ചിരിക്കുന്നു. പ്രവാചക ജിഹ്വയിലൂടെ ഇപ്രകാരം വിളംബരം ചെയ്തുകൊണ്ടാണ് സൂറഃ സമാപിക്കുന്നത്; ഞാനൊരു മുന്നറിയിപ്പുകാരൻ മാത്രമാകുന്നു. ഏകനും സർവാധികാരിയുമായ അല്ലാഹുവാണ് അനുസരിക്കപ്പെടേണ്ടവനും ആരാധിക്കപ്പെടേണ്ടവനും. ഞാൻ നിങ്ങളെ താക്കീതു ചെയ്യുന്ന സംഗതികൾ അനിവാര്യമായും സംഭവിക്കുന്നതാണ്. അഹന്തയാലും ദുരഭിമാനത്താലും അത് തള്ളിക്കളയുന്നവർ യഥാർഥത്തിൽ അനുസരിക്കുന്നതും ആരാധിക്കുന്നതും അവരുടെ ബദ്ധവൈരിയായ ഇബ്‌ലീസിനെയാകുന്നു. ഇബ്‌ലീസിന്റെ ദുർഗതി തന്നെയാണ് അവർക്കും പ്രതീക്ഷിക്കാനുള്ളതെന്നോർത്തിരിക്കുക.

ഈ സൂറയും തൊട്ടു മുമ്പത്തെ *അസ്സ്വാഫ്ഫാത്തും* തമ്മിലുള്ള ബന്ധം പണ്ഡിതന്മാർ ഇപ്രകാരം നിരീക്ഷിച്ചിരിക്കുന്നു: 1) മുൻ സൂറഃ 168-170 സൂക്തങ്ങളിൽ, പൂർവികരെപ്പോലെ ഞങ്ങൾക്കും വേദം ലഭിച്ചിരുന്നുവെങ്കിൽ ഞങ്ങൾ നിഷ്കളങ്കരായ ദൈവദാസന്മാരായിത്തീരുമായിരുന്നു എന്ന മുശ്‌രിക്കുകളുടെ അവകാശവാദം ഉദ്ധരിച്ചുകൊണ്ട് അപ്രകാരമുള്ള പ്രവാചകനും വേദവും വന്നുകിട്ടിയപ്പോൾ അവർ നിസ്സങ്കോചം നിഷേധിക്കുകയാണ് ചെയ്യുന്നത് എന്ന് പ്രസ്താവിച്ചിട്ടുണ്ട്. ആ നിഷേധം എങ്ങനെയാണ്, എന്തിനു വേണ്ടിയാണ് എന്ന് വിശദീകരിക്കുകയാണ് ഈ സൂറഃ 2) പ്രവാചകന്മാരുടെ ചരിത്രകഥനം പരിഗണിക്കുമ്പോൾ മുൻ സൂറയുടെ പൂരകമാണീ സൂറഃ മുൻ സൂറഃ പരാമർശിക്കാത്ത ഒട്ടേറെ പ്രവാചകന്മാർ ഈ സൂറയിൽ പരാമർശിക്കപ്പെട്ടിരിക്കുന്നു. ●

---

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

**പരമദയാലുവും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ**

صٓۚ وَٱلۡقُرۡءَانِ ذِي ٱلذِّكۡرِ ﴿١﴾

1. പാഠമുൾക്കൊള്ളുന്ന ഈ ഖുർആൻ ആണ,

بَلِ ٱلَّذِينَ كَفَرُواْ فِي عِزَّةٖ وَشِقَاقٖ ﴿٢﴾

2. പക്ഷേ, ഈ സത്യം നിഷേധിക്കുന്നവർ കൊടിയ മിഥ്യാപ്രതാപത്തിലും വിരോധത്തിലുമാകുന്നു.

كَمۡ أَهۡلَكۡنَا مِن قَبۡلِهِم مِّن قَرۡنٖ فَنَادَواْ وَّلَاتَ حِينَ مَنَاصٖ ﴿٣﴾

3. ഇവർക്കു മുമ്പ് എത്രയോ സമുദായങ്ങളെ നാം നശിപ്പിച്ചിരിക്കുന്നു! നാശവേളയിൽ അവർ നിലവിളിച്ചുകൊണ്ടിരുന്നു. ആ സമയം രക്ഷപ്പെടാവുന്ന സമയമായിരുന്നില്ല.

**1-3**

وَالْقُرْآنِ = ഖുർആൻ ആണ; ذِي الذِّكْرِ = ഉദ്ബോധനമുടയ (പാഠമുൾക്കൊള്ളുന്ന)
بَلِ الَّذِينَ كَفَرُوا = പക്ഷേ (ഈ) സത്യംനിഷേധിച്ച(ക്കുന്ന)വർ; فِي عِزَّةٍ = (കൊടിയ മിഥ്യാ) പ്രതാപത്തിലാകുന്നു
وَشِقَاقٍ = വിഘടന(വിരോധ)ത്തിലും; كَمْ أَهْلَكْنَا = എത്രയോ നാം നശിപ്പിച്ചിരിക്കുന്നു; مِن قَبْلِهِم = ഇവർക്കു മുമ്പ്
مِّن قَرْنٍ = സമുദായ(ങ്ങളെ)ത്താൽ; فَنَادَوا = അപ്പോൾ (നാശവേളയിൽ) അവർ (നില) വിളിച്ചുകൊണ്ടിരുന്നു
وَّلَاتَ حِينَ مَنَاصٍ = ആ സമയം രക്ഷപ്പെടാവുന്ന സമയമായിരുന്നില്ല

സൂറാരംഭങ്ങളിൽ വരുന്ന ഒറ്റയക്ഷരങ്ങൾ നേരത്തേ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. വിവിധ വ്യാഖ്യാതാക്കൾ വ്യത്യസ്ത വ്യാഖ്യാനങ്ങളാണവക്കു നൽകിയിട്ടുള്ളത്. ഇത്തരം ഒറ്റ അക്ഷരങ്ങൾ അർഥവത്തായ വാക്യങ്ങളെ പ്രതിനിധീകരിക്കുന്നതായി നിരീക്ഷിക്കുന്നവർ صَ-നെ വ്യാഖ്യാനിക്കുന്നത് صَدَقَ الله - صَدَقَ مُحَمَّدٌ - صادق في قوله - പോലുള്ള ഒരു വാക്യത്തിന്റെ സൂചകമായിട്ടാണ്. അല്ലാഹു, അല്ലെങ്കിൽ മുഹമ്മദ് സത്യം ഉവാച എന്നാണർഥം. പല സൂറകളുടെയും തുടക്ക അക്ഷരങ്ങൾ ആ സൂറയുടെ ഒന്നാം സൂക്തമായിട്ടാണ് എണ്ണപ്പെടുന്നത്. ഉദാ: 2:1. ചിലത് ഒന്നാം സൂക്തത്തിന്റെ ഭാഗമായി മാത്രം പരിഗണിക്കപ്പെടുന്നു. ഉദാ: 68:1. ഈ സൂറയുടെ തുടക്കമായ صَ-ഉം പ്രഥമ സൂക്തത്തിന്റെ ഭാഗമായി പരിഗണിക്കപ്പെട്ടവയിൽപെടുന്നു.

وَالْقُرْآنِ ഖുർആൻ ആണ എന്ന് സത്യം ചെയ്യുകയാണ്. സത്യം ചെയ്തു പറയുന്നത് എന്തു കാര്യമാണെന്നു (جواب القسم)പ്രസ്താവിക്കുന്നില്ല. സന്ദർഭത്തിൽനിന്നു തന്നെ

വ്യക്തമാകുന്ന ഗുരുതരമായ കാര്യമായതുകൊണ്ടാണത്. ഖുർആനിന്റെ പേരിൽ ആണയിടുന്നതിൽ ഖുർആനിനെ മഹത്വപ്പെടുത്തലുണ്ട്. പൂർവ പണ്ഡിതന്മാരിൽ പലരും ഈ സത്യത്തിന്റെ പൂരകം-جواب القسم- ഈ സൂറയിലെ മൂന്നാം സൂക്തമോ 14-ാം സൂക്തമോ അറുപത്തിനാലാം സൂക്തമോ ആവാമെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു. സൂറയുടെ പ്രാരംഭ സൂക്തങ്ങളുടെ അവതരണ കാരണമായി ഇമാം അഹ്മദ്, തിർമിദി, നസാഈ തുടങ്ങിയവർ ഒരു സംഭവം ഉദ്ധരിക്കുന്നുണ്ട്. അതിന്റെ സാരം ഇതാകുന്നു: നബി(സ)യുടെ പിതൃവ്യനും സംരക്ഷകനും ഹാശിം കുടുംബത്തിന്റെ തലവനുമായിരുന്ന അബൂത്വാലിബ് മരണശയ്യയിലായപ്പോൾ ഖുറൈശി മുശ്‌രിക്കുകൾ ഒത്തുകൂടി അദ്ദേഹം മരിക്കുന്നതിനു മുമ്പ് മുഹമ്മദി(സ)ന്റെ കാര്യത്തിൽ ഒരു തീരുമാനം ഉണ്ടാകണമെന്നാഗ്രഹിച്ചു. മുഹമ്മദിനെ ഏറെക്കാലം ഈ നിലയിൽ വെച്ചുപൊറുപ്പിക്കാൻ നമുക്കാവില്ല. അബൂത്വാലിബ് മരിച്ച ഉടനെ നാം അയാളെ അക്രമിച്ചാൽ, ആ നേതാവ് മരിച്ചപ്പോഴേക്കും ഖുറൈശികൾ അദ്ദേഹത്തിന്റെ സഹോദരപുത്രന്റെ മേൽ ചാടിവീണു എന്ന ആക്ഷേപം കേൾക്കേണ്ടിവരും. അത് ഹാശിം കുടുംബത്തെ മുഴുവൻ രോഷാകുലരാക്കുകയും ചെയ്യും. നീണ്ട ആഭ്യന്തര യുദ്ധത്തിലേക്കായിരിക്കും കാര്യങ്ങൾ നീങ്ങുക. അബൂത്വാലിബ് മരിക്കുന്നതിനു മുമ്പേ അയാളും നമ്മളും ചില വിട്ടുവീഴ്ചകൾ ചെയ്ത് ഒത്തുതീർപ്പിലെത്തുന്നതായിരിക്കും കരണീയം; ഒറ്റയും തെറ്റയുമായിട്ടാണെങ്കിലും മിക്ക ഖുറൈശി കുടുംബങ്ങളിൽനിന്നും ആളുകൾ മുഹമ്മദിന്റെ പക്ഷത്തു ചേർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വിശേഷിച്ചും.

അങ്ങനെ ഖുറൈശി പ്രമുഖർ കൂട്ടായി അബൂത്വാലിബിനെ സന്ദർശിച്ചു. അവർ അദ്ദേഹത്തിനു മുമ്പിൽ സമർപ്പിച്ച നിർദേശം ഇതായിരുന്നു; അങ്ങയുടെ സഹോദരപുത്രൻ മുഹമ്മദും ഞങ്ങളും തമ്മിലുള്ള സംഘർഷം ഒഴിവാക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. മുഹമ്മദ് ഒറ്റ ദൈവത്തെ മാത്രം വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്തുകൊള്ളട്ടെ. ഞങ്ങളയാളെ എതിർക്കുകയില്ല. പക്ഷേ, അയാൾ അത് സമൂഹത്തിൽ പരസ്യപ്പെടുത്തുകയോ പ്രബോധനം ചെയ്യുകയോ അരുത്. ഞങ്ങളുടെ ആളുകളെ മാനസാന്തരപ്പെടുത്തി തന്റെ പ്രസ്ഥാനത്തിൽ ചേർക്കുകയുമരുത്. ഞങ്ങൾ പരമ്പരാഗതമായി വിശ്വസിച്ചാരാധിച്ചുകൊണ്ടിരിക്കുന്ന ദൈവങ്ങളെ ഞങ്ങൾ ആരാധിച്ചുകൊണ്ടിരിക്കും. മുഹമ്മദ് ഞങ്ങളുടെ ദൈവങ്ങളെ തള്ളിപ്പറയരുത്. ആചാരങ്ങളെ വിമർശിക്കുകയുമരുത്. ഇങ്ങനെ ഒരൊത്തു തീർപ്പുണ്ടാക്കി ഇരുകൂട്ടർക്കും സമാധാനത്തോടെ വർത്തിക്കാം. അയാൾ അധികാരമോ സമ്പത്തോ മറ്റേതെങ്കിലും ഭൗതികനേട്ടമോ ആഗ്രഹിക്കുന്നുവെങ്കിൽ അത് ഞങ്ങൾ നിവർത്തിച്ചുകൊടുക്കാം. അങ്ങ് ഈ ഒത്തുതീർപ്പ് സഹോദരപുത്രനെക്കൊണ്ട് സമ്മതിപ്പിക്കണം.

അബൂത്വാലിബ് ആ ഖുറൈശി പ്രമുഖരുടെ സാന്നിധ്യത്തിൽ തന്നെ അവരുടെ ആവശ്യം നബി(സ)യെ അറിയിച്ചു. എന്നിട്ട് എന്തു തീരുമാനിക്കുന്നുവെന്നാരാഞ്ഞു. പ്രവാചകന്റെ മറുപടി സുദൃഢവും അസന്ദിഗ്ധവുമായിരുന്നു; 'ആദരണീയനായ പിതൃവ്യാ, അവരെന്റെ വലതുകൈയിൽ സൂര്യനെയും ഇടതുകൈയിൽ ചന്ദ്രനെയും വെച്ചുതന്നാലും ഞാനീ പ്രസ്ഥാനം ഉപേക്ഷിക്കാൻ പോകുന്നില്ല.' അബൂത്വാലിബ് ചോദിച്ചു: 'പിന്നെന്താണ് നിന്റെ സമുദായത്തിൽനിന്ന് നീ ആഗ്രഹിക്കുന്നത്?' പ്രവാചകൻ പറഞ്ഞു: 'ഞാൻ അവരിൽ നിന്നാഗ്രഹിക്കുന്നത് ഒരു വചനമാണ്. അറബികളും അനറബികളും അവരെ അനുസരിക്കുന്ന ഒരൊറ്റ വചനം.' അദ്ദേഹം ചോദിച്ചു: 'എന്താണത്?' പ്രവാചകൻ: ' لاَ إِلَهَ الاّ اللهُ(സാക്ഷാൽ ദൈവമല്ലാതെ ദൈവമേതുമില്ല). അതുകേട്ട് ഖുറൈശി പ്രമാണിമാർ പറഞ്ഞു: 'എന്ത്, സകല ദൈവങ്ങളെയും ഒരൊറ്റ ദൈവമാക്കണമെന്നോ? ഇതൊരത്ഭുത ദർശനം തന്നെ.' ഇയാളോട് സംസാരിച്ചിട്ട് കാര്യമില്ലെന്നും പാരമ്പര്യ ദൈവങ്ങളെ സംരക്ഷിക്കാൻ നമുക്ക് വേറെ വഴിനോക്കാം എന്നും പറഞ്ഞ് അവർ സ്ഥലംവിട്ടു. ഈ സംഭവത്തെ തുടർന്നാണ് സൂറഃ *സ്വാദി*ലെ പ്രാരംഭ സൂക്തങ്ങൾ അവതരിച്ചത്. ഈ അവതരണ പശ്ചാത്തലം പരിഗണിക്കുമ്പോൾ 'ഖുർആൻ ആണ' എന്ന സത്യത്തിന്റെ പൂരകം -جواب- ഖുർആനിൽ മറ്റു സ്ഥലങ്ങളിൽ വന്നിട്ടുള്ള إِنَّهُ لَقَوْلُ رَسُولٍ كَرِيمٍ (ഇത് ആദരണീയനായ ദൈവദൂതന്റെ വചനം തന്നെയാകുന്നു 81:19) പോലുള്ള വചനങ്ങളാണെന്ന് കരുതുന്നതാണ് കൂടുതൽ ഉചിതം. ഇത്തരം വചനങ്ങൾ ലാഇലാഹ ഇല്ലല്ലായെയും അതുൾക്കൊള്ളുന്ന ഖുർആനിനെയും അതിന്റെ വക്താവായ പ്രവാചകനെയും സത്യപ്പെടുത്തുന്നതാണല്ലോ.

ذِي الذِّكْرِ ഖുർആന്റെ വിശേഷണമാണ്. ഉടയ, ഉള്ള എന്നർഥമുള്ള സംബന്ധികാ വിഭക്തിയാണ് ذو. ധനികനെ ذو مال എന്നും വിദ്വാനെ ذو علم എന്നും പറയും. ഗുണത്തിന്റെ മഹിമയെ സൂചിപ്പിക്കുന്നതാണ് ذو ചേർത്തുള്ള പ്രയോഗം. ഉദാ: داود ذو الأيدى - മഹാ ബാഹുവായ ദാവൂദ്. ദുഷ്ടഗുണങ്ങളെ ذو ചേർത്തു പറയാറില്ല; ഉദാ: ذو النفاق (കാപട്യമുള്ളവൻ). ഖുർആനും അതുൾക്കൊള്ളുന്ന ذكر- ഉം മഹത്തരമാകുന്നു എന്നാണ് ذِي الذِّكْرِ-ന്റെ ധ്വനി.

ذو അറബി വ്യാകരണ വശാൽ ذا എന്നും ذى എന്നും ഉച്ചരിക്കപ്പെടും. ഇവിടെ وَالْقُرْآنِ ഇകാരാന്ത്യം (مجرور) ആയതിനാൽ അതിന്റെ വിശേഷണമായി വന്ന ذو- ഉം ഇകാരാന്ത്യം (ذى) ആയി. അനുസ്മരണം, ഭജന, കീർത്തനം, പരാമർശം, ഉദ്ബോധനം, പാഠം, പ്രശസ്തി തുടങ്ങിയ അനേകം അർഥങ്ങളുണ്ട് ذكر-ന്. ഈ അർഥങ്ങളിൽ ഏറെയും ഈ സന്ദർഭത്തിൽ സാധുവാകുന്നു. ഖുർആൻ മനുഷ്യൻ അശ്രദ്ധനായ, അല്ലെങ്കിൽ മറന്നുപോയ ധർമശാസനകൾ അനുസ്മരിപ്പിക്കുന്നു. അല്ലാഹുവിന്റെ മഹത്വം പ്രകീർത്തനം ചെയ്യുന്നു, ജീവിത പാഠങ്ങൾ ഉദ്ബോധിപ്പിക്കുന്നു. അതിന്റെ മഹിമ പ്രസിദ്ധമാണ്. ഇപ്പറഞ്ഞ ഗുണങ്ങളെല്ലാം ഖുർആനിനുണ്ടെന്ന് അതിന്റെ പ്രതിയോഗികൾക്കും അറിയാം. പ്രതിയോഗികളുടെ മനസ്സാക്ഷി സമ്മതിക്കുന്ന സത്യമായതുകൊണ്ടാണ് അതിനെ സാക്ഷിയാക്കി ഈ ഖുർആൻ ദൈവിക വചനമാണെന്നും അതിന്റെ വാഹകൻ ദൈവദൂതനാണെന്നും സത്യം ചെയ്യുന്നത്.

സ്വന്തം മനസ്സാക്ഷി സമ്മതിക്കുന്നതും ദൃഷ്ടാന്തങ്ങൾ സാക്ഷ്യപ്പെടുത്തുന്നതുമായ ഈ യാഥാർഥ്യത്തെ നിഷേധിക്കുന്നത് സത്യധിക്കാരത്തിലും ധാർഷ്ട്യത്തിലും പൂണ്ടുപോയവരാണ്. فِي عِزَّةٍ وَشِقَاقٍ എന്നാണ് മൂലവാക്ക്. അജയ്യതയും പ്രതാപവും അന്തസ്സുമാണ് عِزَّة. അല്ലാഹുവിന്റെ അജയ്യതയും അനന്തപ്രതാപവും അല്ലാഹുവിന്റെ عِزَّة. പ്രജകളുടെ വിധേയത്വവും ഭയവും രാജാവിന്റെ عِزَّة. ആളുകളുടെ സ്നേഹാദരവുകൾ വിദ്വാന്മാരുടെ عِزَّة. സമ്പന്നന്മാർക്കും പ്രതിഭാശാ

ലികൾക്കും അവരുടെ മേഖലയിൽ عِزَّة ഉണ്ടായിരിക്കും. തനിക്ക് ഇല്ലാത്ത, അല്ലെങ്കിൽ ഉള്ളതിൽ കവിഞ്ഞ عِزَّة നടിക്കുന്നത് യാഥാർഥ്യത്തോടുള്ള ധിക്കാരവും ധാർഷ്ട്യവുമാകുന്നു. ഇതാണ് ഇവിടെ പറയുന്ന عِزَّة. മക്ക ഒരു ചെറിയ രാജ്യമായിരുന്നു, ഖുറൈശികൾ ചെറിയ സമൂഹവും. മക്കയിൽ കൃഷിയൊന്നുമുണ്ടായിരുന്നില്ല. വ്യവസായങ്ങളോ ഖനികളോ ഒന്നുമില്ല. കച്ചവടമായിരുന്നു മക്കീ സമൂഹത്തിന്റെ ഉപജീവന മാർഗം. കഅ്ബയുടെ സാന്നിധ്യമായിരുന്നു അവരുടെ അന്തസ്സിനും ആദരണീയതക്കും ആധാരം. അതിന്റെ തണലിൽ അവർക്ക് മെച്ചപ്പെട്ട വ്യാപാര പ്രവർത്തനം സാധ്യമായി. പരിമിതമായ ഈ സൗഭാഗ്യങ്ങളിൽ ഭ്രമിച്ചുപോയ ഖുറൈശി പ്രമാണിമാർ അറേബ്യയിലെ മുടിചൂടാമന്നന്മാരാണ് തങ്ങളെന്നഹങ്കരിച്ചു. ആചാരങ്ങളും നിയമങ്ങളും പ്രഖ്യാപിക്കാനും നടപ്പിലാക്കാനും തങ്ങൾക്കധികാരമുണ്ട്. തങ്ങളെ ആരും ചോദ്യം ചെയ്തുകൂടാ, എല്ലാവരും അനുസരിച്ചുകൊള്ളണം. തങ്ങൾ തുടർന്നുവരുന്ന വിശ്വാസാചാരങ്ങളിൽനിന്ന് ആരും വ്യതിചലിച്ചുകൂടാ. വല്ല മാറ്റവും ആവശ്യമാണെങ്കിൽ അത് തങ്ങൾ നിർദേശിക്കും. ഖുർആൻ തികഞ്ഞ സത്യമാണെങ്കിലും, അത് തങ്ങൾ പുലർത്തിപ്പോരുന്ന വിശ്വാസാചാരങ്ങൾക്ക് വിരുദ്ധമായതിനാലും അതിന്റെ വക്താവ് തങ്ങളെപ്പോലെ പ്രമാണിയല്ലാത്ത സാധാരണക്കാരനായ മുഹമ്മദ് ആയതിനാലും ഗോത്രപ്രധാനികളായ ഞങ്ങളൊരിക്കലും സ്വീകരിക്കുകയില്ല. എന്നല്ല അതൊന്നും ഞങ്ങൾക്കിടയിൽ പ്രചരിപ്പിക്കാൻ സമ്മതിക്കുകയുമില്ല. ഞങ്ങളുടെ അന്തസ്സിനും ആഭിജാത്യത്തിനും ഹാനികരമാണത്. പിളർപ്പും വിഘടനവുമാണ് شِقَاق. സാധാരണ വിയോജിപ്പിന് (اختلاف) അപ്പുറം ശാഠ്യവും ശത്രുതയും കൂടി ഉണ്ടായിരിക്കും. അതായത് എന്തു വിലകൊടുത്തും തോൽപിക്കുകയും നശിപ്പിക്കുകയും ചെയ്യണമെന്ന വാശിയുള്ള വിയോജിപ്പ്.

പ്രവാചകന്മാരോടും അവരുടെ സന്ദേശത്തോടും ഈ വിധം വിഘടിക്കുകയും ധിക്കാരവും ധാർഷ്ട്യവും അനുവർത്തിക്കുകയും ചെയ്ത എത്രയോ സമുദായങ്ങൾ മുമ്പ് കഴിഞ്ഞുപോയിട്ടുണ്ട്. സത്യം ഗ്രഹിക്കാൻ വേണ്ടുവോളം സമയവും സൗകര്യവും ലഭിച്ചിട്ടും അത് പ്രയോജനപ്പെടുത്താതെ മിഥ്യാഭിമാനത്തിലും ധാർഷ്ട്യത്തിലും മുന്നേറിയ അവരെ അല്ലാഹു നശിപ്പിച്ചുകളയുകയായിരുന്നു. വിനാശവേളയിൽ അവരെല്ലാം അല്ലാഹുവിനെ വിളിച്ച് രക്ഷക്കുവേണ്ടി കേണുകൊണ്ടിരുന്നു. അപ്പോൾ രക്ഷപ്പെടാനുള്ള എല്ലാ അവസരവും നഷ്ടപ്പെട്ടു കഴിഞ്ഞിരുന്നു. ശത്രുതയും ധിക്കാരവും തുടർന്നാൽ ഖുറൈശികളുടെ ഗതിയും ഇതുതന്നെയായിരിക്കും. നിഷേധാർഥത്തിലുള്ള لا-യിൽ تاء ചേർന്നതാണ് لات. ഈ تاء അധികാക്ഷരം زيادة-ആണ്. കാലത്തെ നിഷേധിക്കാൻ മാത്രമേ لات ഉപയോഗിക്കാറുള്ളൂ. مَنَاص- ന് രക്ഷപ്പെടാവുന്ന എന്നും രക്ഷാമാർഗം എന്നും അർഥമുണ്ട്. ആദ്യത്തെ അർഥമാണ് ഇവിടെ കൂടുതൽ യോജിക്കുക. അവർ വിളിച്ചു പ്രാർഥിച്ച സമയം രക്ഷപ്പെടാവുന്ന സമയമായിരുന്നില്ല എന്നാണ് -لَاتَ حِينَ مَنَاص-ന്റെ ആശയം. ●